# FOCUS AREA

## 12. FREEDOM

In a simple sense freedom is the absence of constraints. In a broader sense freedom is about to expanding the abilities of the people. Social constrains are justified in every civilised society.

### The Harm Principle

Harm principle is introduced by J S Mill in his famous book ‘On Liberty’. According to J S Mill, human actions are categorized as self regarding actions and other regarding actions.

**Self regarding actions**

If the consequences of one's actions only affect him / her, such activities are classified as self-regarding actions. There is no need of the involvement of society or government to deal these type of actions.

**Other regarding actions**

If the consequences of one's actions are affecting others, then such actions are considered other regarding actions. Such activities should be regulated by the intervention of society and the nation. There is no need for legal action if one person's actions create only minor difficulties for others. Such problems can be solved through social criticism and rejection. Legal action must be taken if a person's actions cause serious social problems.

ePLUS KERALA in YouTube

### Negative Liberty and Positive Liberty

**Negative Liberty -** Negative liberty is the absence of external controls. It is the freedom to do whatever one wants to do. All the human beings need a ‘minimum area of non – interference’. Bigger the area of non interference the more the freedom. Negative liberty discusses the idea of ‘freedom from’

**Positive Liberty -** Positive liberty ensures the proper condition for the individuals to develop his or  abilities. It is the duty of the government and the community to provide the right situation. Negative liberty discusses the idea of ‘freedom to’

# 12. സ്വാതന്ത്ര്യം

ലളിതമായ അർത്ഥത്തിൽ പരിമിതികളുടെ അഭാവമാണ് സ്വാതന്ത്ര്യം. വിശാലമായ അർത്ഥത്തിൽ സ്വാതന്ത്ര്യം എന്നത് ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് . എല്ലാ പരിഷ്കൃത സമൂഹങ്ങളും സ്വാതന്ത്ര്യത്തിൻ മേലുള്ള സാമൂഹിക പരിമിതികളെ ന്യായീകരിക്കുന്നു.

## ഹാനി സിദ്ധാന്തം

ജെ എസ് മിൽ തന്റെ പ്രസിദ്ധമായ 'ഓൺ ലിബർട്ടി' എന്ന പുസ്തകത്തിലാണ് ഹാനി തത്വം അവതരിപ്പിച്ചത് . ഹാനി സിദ്ധാന്ത പ്രകാരം ഒരാളുടെ പ്രവൃത്തികളെ സ്വസംബന്ധിയായ പ്രവർത്തനങ്ങളെന്നും അപരസംബന്ധിയായ പ്രവർത്തനങ്ങളെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു.

**സ്വസംബന്ധിയായ പ്രവർത്തികൾ** -ഒരാളുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ അയാളെ മാത്രമാണ് ബാധിക്കുന്നതെങ്കിൽ അത്തരം പ്രവർത്തനങ്ങളെ സ്വസംബന്ധിയായ പ്രവർത്തികളുടെ ഗണത്തിൽ പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ സമൂഹമോ രാഷ്ട്രമായ ഇടപെടേണ്ട ആവശ്യമില്ല.

**അപരസംബന്ധിയായ പ്രവർത്തികൾ** - ഒരാളുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ മറ്റുള്ളവരെ ബാധിക്കുന്നതാണെങ്കിൽ അത്തരം പ്രവർത്തനങ്ങളെ അപരസംബന്ധിയായ പ്രവർത്തികളായി കണക്കാക്കുന്നു . ഇത്തരം പ്രവർത്തനങ്ങൾ സമൂഹവും രാഷ്ട്രവും ഇടപെട്ട് നിയന്ത്രിക്കേണ്ടതാണ് .

ഒരാളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് നിസാരമായ ബുദ്ധിമുട്ടുകൾ മാത്രമാണ് സൃഷ്ടിക്കുന്നതെങ്കിൽ നിയമനടപടികളുടെ ആവശ്യമില്ല. സാമൂഹിക വിമർശനങ്ങളിലൂടെയും തിരസ്കാരത്തിലൂടെയും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. എന്നാൽ ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾ ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെങ്കിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## നിഷേധാത്മക സ്വാതന്ത്ര്യവും ക്രീയാത്മക സ്വാതന്ത്ര്യവും

**നിഷേധാത്മക സ്വാതന്ത്ര്യം** - ബാഹ്യ നിയന്ത്രണങ്ങളുടെ അഭാവമാണ് നിഷേധാത്മക സ്വാതന്ത്ര്യം. ഒരാൾ ചെയ്യാൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമാണിത് . എല്ലാ മനുഷ്യർക്കും നിയന്ത്രണങ്ങൾ ഇല്ലാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന മേഖലകൾ ആവശ്യമാണ്. ബാഹ്യനിയന്ത്രണങ്ങൾ ഇല്ലാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന മേഖല വിശാലമാകുമ്പോൾ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തിയും വർധിക്കുന്നു.

**ക്രീയാത്മക സ്വാതന്ത്ര്യം** - ഒരു വ്യക്തിയ്ക്ക് അയാളുടെ കഴിവുകളും വ്യക്തിത്വവും വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ഉറപ്പ് വരുത്തുന്നതാണ് ക്രീയാത്മക സ്വാതന്ത്ര്യം. വ്യക്തിത്വ ഭൗതീക സാഹചര്യംഒരുക്കി കൊടുക്കേണ്ടത് ഗവൺമെന്റിന്റെയും സമൂഹത്തിന്റെയും കടമയാണ്.

e PLUS KERALA in YouTube

ePLUS Kerala YouTube

Prepared by Mathew Joseph (GHSS Kozhichal, Kannur)

## CLICK ON THE IMAGES TO WATCH THE VIDEOS

### ക്ലാസ്സ് കാണുവാനായി ചിത്രങ്ങളിൽ ക്ലിക്ക് ചെയ്യുക














































